പതിമൂന്നാം കേരള നിയമസഭ
ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1807 — 14.07.2011 - ൽ മറുപടിക്ക്

## വിലകൂടിയ മരുന്നുകൾ വിലകുറച്ചു നൽകാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. അടൂർ പ്രകാശ് (ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) ഹൃദയശസ്ത്രക്രിയയ്ക്കുള്ള വിലകൂടിയ സ്റ്റെന്റുകളും, കാൻസർ പോലുള്ള മാരകരോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകളും കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കാൻ മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ എന്തെങ്കിലും ശ്രമങ്ങൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ; | (എ) സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ള വിദഗ്ദ്ധ സമിതി തയ്യാറാക്കുന്ന അവശ്യ മരുന്നുകളുടെ പട്ടിക (Essential Drug List) പ്രകാരം ഉള്ള ജെനറിക് നാമത്തിലുള്ള മരുന്നുകളാണ് കോർപ്പറേഷനിലൂടെ വാങ്ങി ആശുപത്രികൾക്ക് വിതരണം ചെയ്യുന്നത്. വിലകൂടിയതും ബ്രാൻഡഡ് ഇനത്തിൽ പെട്ടതുമായ മരുന്നുകൾ കോർപ്പറേഷൻ നേരിട്ട് നിർമ്മാതാക്കളിൽ നിന്നും സംഭരിച്ച് ഒരു വില്പന കൗണ്ടർ വഴി മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ മാനേജ്മെന്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ നിന്നും വിൽപ്പന നടത്തുന്ന മരുന്നുകൾ സംസ്ഥാനത്തെ ഡോക്ടർമാർ രോഗികൾക്ക് കുറിച്ച് നൽകുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ; | (ബി) കോർപ്പറേഷൻ ഇപ്പോൾ മരുന്ന് വില്പന നടത്തുന്നില്ല. |

| | |
|---|---|
| (സി) മാരകരോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകൾ കുറഞ്ഞ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കാൻ എന്ത് നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | (സി) മാരകരോഗങ്ങൾക്കുള്ള വിലകൂടിയ മരുന്നുകൾ കോർപ്പറേഷൻ നേരിട്ട് നിർമ്മാതാക്കളിൽ നിന്നും സംഭരിച്ച് ഒരു വില്പന കൗണ്ടർ മുഖേന മിതമായ വിലയ്ക്ക് രോഗികൾക്ക് ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് സാധ്യതാപഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കൊച്ചി യൂണിവേഴ്സിറ്റി ഓഫ് സയൻസ് ആന്റ് ടെക്നോളജിയുടെ മാനേജ്മെന്റ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ